ഉത്തരം

(എ) സംഘത്തിന്റെ തൊട്ടടുത്ത പ്രദേശത്തിൽ തന്നെ മലബാർ മേഖലാ യൂണിയന്റെ നിലമ്പൂർ ചില്ലിംഗ് പ്ലാന്റ് പ്രവർത്തിക്കുന്നതിനാൽ പ്രസ്തുത പ്രദേശത്ത് പുതിയ ചില്ലിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിന് സാദ്ധ്യതയില്ല.

(ബി) ഒന്ന്.

(സി) ഇല്ല. എന്നാൽ പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങൾക്ക് മിൽക്ക് കൂളർ വാങ്ങുവാൻ ധനസഹായം നൽകുന്നതിന് ക്ഷീരവികസന വകുപ്പിന്റെ വാർഷിക പദ്ധതിയിൽ വിഭാവന ചെയ്തിട്ടുണ്ട്.

**കയർ ഡിപ്പോകൾ പുനഃസ്ഥാപിക്കാൻ നടപടി**

**123 (418)** ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകരയിൽ സൊസൈറ്റികളുടെ കീഴിൽ ഏതാണ്ട് 25 വർഷത്തോളം കയർ സ്റ്റോക്ക് ചെയ്തിരുന്ന ഡിപ്പോകൾ ഇപ്പോൾ ഉപയോഗിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ സൊസൈറ്റികൾക്ക് സഹായകരമായ ആ ഡിപ്പോകൾ പുനഃസ്ഥാപിക്കാൻ സർക്കാർ സഹായം നൽകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഡിപ്പോ സമ്പ്രദായം നിർത്തലാക്കുവാനാണ് സർക്കാർ തീരുമാനം. നിറുത്തലാക്കിയ ഡിപ്പോകൾ പുനഃസ്ഥാപിക്കാൻ ധനസഹായം നൽകുന്ന പദ്ധതി ഇപ്പോൾ നിലവിലില്ല.

**വനം വന്യജീവി വകുപ്പിന്റെ ആധുനികവൽക്കരണം**

**124 (421)** ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വനം വന്യജീവി വകുപ്പിന്റെ ആധുനിക വൽക്കരണത്തിന്റെ ഭാഗമായി എന്തൊക്കെ പരിഷ്ക്കരണ പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) വനം വകുപ്പ് ആവിഷ്ക്കരിച്ചിട്ടുള്ള ഫോറസ്ട്രി പദ്ധതിയുടെ ഉദ്ദേശ്യം നിർവ്വഹണം എന്നിവയെക്കുറിച്ചും ഉദ്ദേശിച്ചിട്ടുള്ള ചെലവുകളെ കുറിച്ചുമുള്ള വിശദവിവരം നൽകുമോ ;

(സി) എക്കോ ഡവലപ്മെന്റ് കമ്മിറ്റികൾ ഏതൊക്കെ വന്യജീവി സങ്കേതങ്ങളിലാണ് ഇപ്പോൾ നിലവിലുള്ളതെന്നും, എന്തൊക്കെ പദ്ധതികളാണ് ഇവ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നതെന്നും എവിടൊക്കെയാണ് ഇത് ഫലപ്രദമായി പ്രവർത്തിച്ചുവരുന്നതെന്നുമുള്ളതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആധുനികവൽക്കരണത്തിന്റെ ഭാഗമായി ആധുനികവാർത്താവിനിമയ സംവിധാനങ്ങളായ മൊബൈൽഫോൺ, വയർലസ് എന്നിവയും കമ്പ്യൂട്ടറൈസ്ഡ് ഭരണ വിവരസമ്പ്രദായവും നടപ്പിലാക്കിയിട്ടുണ്ട്. വിവരസാങ്കേതിക വിദ്യ ആധാരമാക്കി ഭരണസമ്പ്രദായവും ഭൂവിവര സമ്പ്രദായവും നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി ഒരു കമ്പ്യൂട്ടർ പരിശീലന കേന്ദ്രം തുടങ്ങുകയും വനഭരണവിവര സമ്പ്രദായം നടപ്പിലാക്കാൻ ഒരു വനഭരണവിവര വിദഗ്ദ്ധനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തിലെ വനമേഖലയുടെ സമഗ്രവികസനം, വനസംരക്ഷണം എന്നിവയാണ് കേരള ഫോറസ്ട്രി പ്രോജക്ട്. വനമേഖലയുടെ ഭരണനിർവഹണത്തിനാവശ്യമായ നയപരിഷ്ക്കരണം, സ്ഥാപക വികസനം, മാനവശേഷി വികസനം, വിവരസാങ്കേതിക വികസനം, സ്വാഭാവിക വനമേഖലയുടെ അഭിവൃദ്ധിപ്പെടുത്തൽ, ഈറ്റ, മുള, ചൂരൽ തുടങ്ങിയവയുടെ പുനരുദ്ധാരണം, പ്രക്ഷീണ വനങ്ങളിലെ പുനരധിവാസം, പങ്കാളിത്ത വനപരിപാലനം, തോട്ടനിർമ്മാണം, നടീൽവസ്തുക്കളുടെ ഗവേഷണയുല്പാദന പ്രവർത്തനങ്ങൾ, വീട്ടുവളപ്പിലെ വനവൽക്കരണം, കാട്ടുതീയിൽ നിന്നും സംരക്ഷണം എന്നിവയാണ് ഈ പദ്ധതിയിലൂടെ നിർവഹിക്കപ്പെടുന്നത്. ഈ പദ്ധതി നിർവഹണം പ്രോജക്ട് സെൽ വഴിയാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതിക്ക് മൊത്തം അടങ്കൽ തുക 182.39 കോടി രൂപയാണ്. ഇതിൽ 31-3-2003 വരെ 132.51 കോടി രൂപ ചെലവായിട്ടുണ്ട്.

(സി) ആറളം, വയനാട്, സൈലന്റ്‌വാലി നാഷണൽ പാർക്ക്, പറമ്പിക്കുളം, പീച്ചി-വാഴാനി, ചിമ്മിണി, തട്ടേക്കാട്, ഇരവികുളം, ചിന്നാർ, ഇടുക്കി, തേക്കടി, ചെന്തുരുണി, പേപ്പാറ, നെയ്യാർ എന്നീ വന്യമൃഗസംരക്ഷണ കേന്ദ്രങ്ങളിൽ ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികൾ പ്രവർത്തിക്കുന്നു. ഇക്കോ-ടൂറിസം തീർത്ഥാടന സൗകര്യങ്ങൾ ഒരുക്കൽ, വനസംരക്ഷണം, വന്യജീവി മൂലമുള്ള കൃഷിനാശം ലഘൂകരിക്കാനുള്ള നടപടികൾ എന്നിവയാണ് ഈ കമ്മിറ്റികൾ നടപ്പിലാക്കുന്ന പദ്ധതികൾ. തേക്കടി എക്കോ ഡവലപ്മെന്റ് കമ്മറ്റിയാണ് ഏറ്റവും ഫലപ്രദമായി പ്രവർത്തിച്ചുവരുന്നത്.

**ഒലവക്കോട്ടുള്ള സ്ട്രോങ്റൂമിൽനിന്ന് വനോൽപ്പന്നങ്ങൾ കളവുപോയതിന് വനം വകുപ്പ് ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി**

125 (425) ശ്രീ. എം. വി. ജയരാജൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2002 സെപ്തംബറിൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ ഒലവക്കോട്ടുള്ള സ്ട്രോങ്റൂമിൽനിന്ന് കോടിക്കണക്കിന് രൂപ വിലവരുന്ന ചന്ദനത്തടിയും ചന്ദനതൈലവും ആനക്കൊമ്പും കളവുപോയതിനെ സംബന്ധിച്ചും തളിപ്പറമ്പ് ഫോറസ്റ്റ് റെയിഞ്ച് ആഫീസിൽനിന്നും ചന്ദനതൈലം കളവുപോയതു സംബന്ധിച്ചും സർക്കാർ ഏതെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly